## ലിറ്റിൽ കൈറ്റ്സ്
## സ്കൂൾ മാഗസിൻ

# പ്രേരണ

## Prerana-THE INSPIRATION

**ജി എച്ച് എസ് വെണ്ണക്കര,പാലക്കാട്**


little KITEs

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

# ഗവ. ഹൈസ്കൂൾ വെണ്ണക്കര
# പാലക്കാട്



# സന്ദേശം



ലിറ്റിൽ കൈറ്റ്സിന്റെ മാഗസിൻ നിർമ്മാണത്തിനു വേണ്ടി പ്രയത്നിച്ച അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ആശംസകൾ നേരുന്നു.ഐ.ടി യിൽ മികച്ച വിദ്യാർത്ഥികളെ സൃഷ്ടിക്കാനും അവരുടെ കഴിവുകൾ പ്രകടിപ്പിക്കാനും ലഭിക്കുന്ന നല്ലൊരു അവസരമാണ് "പ്രേരണ" എന്ന ഡിജിറ്റൽ മാഗസിൻ. വികസനത്തിന്റെ പാതയിലേക്കുള്ള ഒരു ചവിട്ടു പടിയാകട്ടെ ഈ മാഗസിൻ.ആശംസകളോടെ.........

**പ്രധാനാധ്യാപിക : കൃഷ്ണകുമാരി ടീച്ചർ**

# ആശംസകളോടെ.....

മാറുന്ന കാലത്തിനനുസരിച്ച് വിവരസാങ്കേ-
തികവിദ്യയുടെ അനന്തസാധ്യതകൾ ഉപയോഗിച്ച്
ജി.എച്ച്.എസ്.വെണ്ണക്കരയിലെ
ഐ.ടി കൂട്ടായ്മയുടെ നേതൃത്വത്തിൽ
രൂപീകരിച്ച ഇ-മാഗസിൻ "പ്രേരണ"യ്ക്ക് എല്ലാവിധ ഭാവുകങ്ങളും
നേരുന്നു...

ലത സോമൻ
**(സീനിയർ അസിസ്റ്റന്റ്)**

"Prerana" means "the inspiration"... truly. When imaginations knew no bounds, we scribble off some mesmerising images...as a result of those inspiration- whatever may be. It is the inner fire that is moulded in the form of poems, stories, experiences, travelogues etc.

It is a venture of Little Kites to compile those talents and spread their glory through out the world by this digital magazine.

Jiji M
Little Kites Mistress



## കമ്മിറ്റി അംഗംങ്ങൾ

ഫാത്തിമത്തുൽ ഫർസാന.കെ{എഡിറ്റർ}

സജിനി.എം

പ്രീതി.എം

റാഷിദ.എൻ

ജസീല.എസ്

ജെഫിൻ സ്റ്റീഫൻ

ദിവിൻ.സി

# എഡിറ്റോറിയൽ

പുത്തൻ ആകാശങ്ങൾ കൈയെത്തിപ്പിടിക്കാൻ തയ്യാറെടുക്കുന്ന പുതുതലമുറയുടെ ഭാവനകൾ വസന്ത തേരിലേറി ഡിജിറ്റൽ യുഗത്തിലൂടെയു ള്ള പ്രയാണത്തിൽ കഥയും കവിതയും ചിത്രമെഴുത്തും ഹൈടെക് ആകുന്നു.സ്വപ്ന ചക്രവാളത്തിലെ വർണ്ണ നൂലിൽ കൊരുത്തിട്ട ചിത്ര പതംഗങ്ങൾ ഉയരങ്ങൾ സ്വതന്ത്രമാക്കു മ്പോൾ ജി.എച്ച്.എസ്.വെണ്ണക്കരയുടെ സൃഷ്ടികൾ നിറച്ചാർത്തണിയുന്നു.

വീണ്ടുമൊരു
സർഗ്ഗ വസന്തത്തിലേക്ക്
സ്വാഗതം............................

"പ്രേരണ" ഇവിടെ സഫലമാകുന്നു....

*FATHIMATHUL FARSANA.K*

*Editor*

*IX A*

# UNIT REGISTRATION ID: LK/2018/21124






***LITTLE KITES TEAM*** ***GHS VENNAKKARA***

## ഉള്ളടക്കം

വിദ്യാലയ ചരിത്രം....9
കണ്ണീരിന്റെയും സ്നേഹത്തിന്റെയും ആഴം....10
വര....11
അമ്മ എന്ന വിളക്ക്....12
വിരലുകളുടെ കഥ....12
ദൈവത്തിന്റ സ്വന്തം കേരളനാട്....13
The Flower....13
പ്രകൃതിയിൽ നാം നശിപ്പിക്കുന്ന മരങ്ങൾ....14
ആപത്തിൽ നിന്ന് രക്ഷിച്ച പുലി....15
യാത്ര വിവരണം....16
മാതൃസ്നേഹം....17
FOUR BROTHERS....20
പ്രകൃതി....22
പ്രസംഗം....23
വിരുന്നു വീട്....24
അമ്മുവിന്റെ പൂന്തോട്ടം....25
പ്രളയം പഠിപ്പിച്ച പാഠം....27
പാമ്പും തവളയും....28
വര....31
PARAMBIKULAM FIELD TRIP....32
യാത്രനുഭവം....33
Interesting facts of English....34
Good Riddle....35
Good Riddle....35
സ്വപ്നത്തിന്റെ നിഴലുകൽ....36
DIGITAL PAINTINGS....38
അമ്മൂമ്മയും അപ്പുക്കുട്ടനും....39
ക്രൂരനായ സിംഹം....40

# വിദ്യാലയ ചരിത്രം

പാലക്കാട് മുൻസിപ്പാലിറ്റിയിലെ 33 വാർഡിൽ സ്ഥിതി ചെയ്യുന്ന വെണ്ണക്കര ഗവ. ഹൈസ്കൂളിലെ പ്രവർത്തനം 1912 ജൂൺ മാസം ഒന്നാം തിയതി ആരംഭിച്ചതായി രേഖകളിൽ കാണുന്നു.ഈ വിദ്യാലയം കണ്ണാടി പഞ്ചായത്തിലെ വാടപ്പറമ്പ്, കാളിമാടപ്പറമ്പ്, പിരായിരി പഞ്ചായത്തിലെ മോഴിപുലം പാലക്കാട് മുൻസിപ്പാലിറ്റിയിലെ 32,33,34,35 എന്നീ വാർഡുകളും ഉൾക്കൊള്ളുന്ന വലിയൊരു ഭൂഭാഗത്തെ ജനങ്ങളുടെ വിദ്യാഭ്യാസ പരവും സാംസ്കാരികവുമായ പുരോഗതിയിൽ മഹത്തായ പങ്കുവഹിച്ചു വരുന്നു.

വെണ്ണക്കര മുൻസിപ്പാലിറ്റി സ്കൂൾ ആരംഭിച്ചത് ഇപ്പോൾ ബിഷപ്പ് ഹൗസ് കെട്ടിടം നിൽക്കുന്ന കോംബൗണ്ടിനു വടക്കുള്ള പറമ്പിൽ നാലു മുറികളുള്ള ഒരു കെട്ടിടത്തിലായിരുന്നു. തൊണ്ടിക്കുളം ചാമി അയ്യർ വക കൃഷി സ്ഥലത്ത് ഉള്ള കെട്ടിടം മുൻസിപ്പാലിറ്റിക്ക് വാടകയ്ക്ക് നൽകിയതായിരുന്നു.ഇപ്പോൾ സ്ഥിതി ചെയ്യുന്ന സ്കൂൾ കെട്ടിടത്തിന്റെ തെക്കു ഭാഗത്തുള്ള നെൽ പാടങ്ങൾ പ്രമാണിയായ സക്കീർ സാഹിബ് (റാവുത്തർ)വാങ്ങിക്കുകയും കുതിരപുറത്തുവന്ന് കൃഷി സ്ഥലം നോക്കി പരിപാലിക്കുകയും ചെയ്തിരുന്നു. പിന്നീട് കോട്ടയ്ക്കൽ ആര്യവൈദ്യ ശാലക്കാർ കൃഷി വാങ്ങുകയും നെല്ലും മറ്റും സൂക്ഷിക്കുവാൻ ഒരു കെട്ടിടം ഉണ്ടാക്കുകയും ചെയ്തിരുന്നതായും പറയപ്പെടുന്നു. ഇതിനിടയിൽ കൽപ്പാത്തി ശേഖരിപുരം ഗ്രാമത്തിലെ വിശ്വ നാഥയ്യർ സിലോണിൽ പോയി ജോലിയിൽ വന്ന് വിരമിച്ച് നാട്ടിലെത്തുകയും കൃഷിയും ഈ കെട്ടിടവും വാങ്ങിച്ച് ഭാര്യ എസ്.പി.അലമേലു അമ്മാളുടെ പേരിലാക്കുകയും ചെയ്തു. കെട്ടിടം മുനിസിപ്പാലിറ്റിക്ക് സ്കൂൾ ആവശ്യത്തിന് വാടകയ്ക്ക് കൊടുത്തു സ്കൂളിൽ അഞ്ചാം തരം വരെ ആയിരുന്നു അധ്യാപനം. ഒന്നാം ക്ലാസു മാത്രം 2 ഡിവിഷനും ബാക്കി ഓരോ ക്ലാസും ആയിരുന്നു. ശ്രീ. ടി.കെ. രാമകൃഷ്ണയ്യർ,അച്ചുതമേനോൻ സ്കൗട്ട് മാസ്റ്റർ,രാമാനുജം, ആറുമുഖൻ, ഗോപാലമൂത്താൻ, ലക്ഷ്മി അമ്മ തുടങ്ങി പലരും സ്കൂളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.1947 മേപ്പറമ്പ് നിവാസിയായ ഡെയ്സി സ്റ്റീഫൻ പ്രധാനധ്യാപികയായി ചാർജെടുത്തു. കാലക്രമേണസ്കൂൾ പ്രവർത്തനം വിജയിപ്പിക്കുന്നതിൽ കാര്യമായി പങ്കു വഹിച്ചു.ഒരു കെട്ടിടം കൂടി നിർമ്മിച്ചു. കുട്ടികളുടെ എണ്ണം വർധിച്ചു.


## കണ്ണീരിന്റെയും സ്നേഹത്തിന്റെയും ആഴം



എല്ലാവരും വെറുത്താലും മനസ്സിൽ കൊണ്ട് നടക്കുന്ന രണ്ടക്ഷരമാണ് "അമ്മ". അമ്മയുടെ മനസ്സ് ഒരു കടൽ പോലെയാണ് അമ്മയുടെ വിഷമങ്ങൾ അറിയാതെ നമ്മൾ നമ്മുടെ സന്തോഷം തേടി പോവുന്നു.ഒരു ദിവസമെങ്കിലും നാം നമ്മുടെ അമ്മയെക്കുറിച്ച് ഒരു നേരം അല്ലെങ്കിൽ ഒരു നിമിഷം എങ്കിലും ഓർത്തിട്ടുണ്ടോ? അമ്മ നമ്മുക്കു വേണ്ടി ഈ ലോകത്ത് എന്ത് വേണമെങ്കിലും ചെയ്യും 10 മാസം വയറ്റിൽ ചുമന്ന് നമ്മുടെ മിക്ക ദു:ഖങ്ങളിൽ പങ്കു വെയ്ക്കും.നമ്മുടെ സങ്കടം മുഖത്ത് നോക്കി പറയും. ഒരു ചെറിയ പനി പോലും വന്നാൽ നമുക്ക് കാവലായിരിക്കും. നമ്മൾ ഭക്ഷണം കഴിച്ചില്ലെങ്കിൽ അമ്മയുടെ മനസ്സിൽ വിങ്ങലുണ്ടാകും, പക്ഷേ വിഷമം പുറത്തു കാണിക്കാതെ നടക്കും. എന്നിട്ടും എന്നിട്ടും .....എത്ര പ്രാവശ്യം അമ്മ നമ്മളോട്സ്നേഹത്തോടെ സംസാരിച്ചു. എത്ര കുത്തുവാക്കുകൾ പറഞ്ഞു.എന്നിട്ടും എന്നിട്ടും നമ്മളോട് സ്നേഹത്തോടെ കൂട്ടുകൂടി എത്ര സങ്കടം ഉണ്ടെങ്കിലും അത് നമ്മുടെ മുന്നിൽ കാണിക്കില്ല. മനസ്സിൽ ഒരു പൂട്ടു പോലെ പൂട്ടി നടക്കും എത്ര എത്ര വേദനകളും വിഷമങ്ങളും നമ്മുടെ അമ്മ ഒന്നും പറയാതെ മറച്ച് നടന്നു."അമ്മ".......... ഇനി ഒന്നേ പറയാനുള്ളൂ..ലോകത്ത് വിട പറയും മുൻപ് ഒത്തിരി ഒത്തിരി അമ്മയേ സ്നേഹിക്കണം ... ഒന്നുകൂടി ആ മടിയിൽ തലച്ചായിച്ച് കിടക്കണം . അമ്മ എന്നെ സ് നേഹിച്ചതിനപ്പുറം എനിക്കും സ്നേഹിക്കണം അതായിരിക്കണം അവസാനത്തെ ആഗ്രഹം.അമ്മയ്ക്ക് പകരം അമ്മ മാത്രം.....

JASEELA
IX.A

# വര













# അമ്മ എന്ന വിളക്ക്



നമ്മുടെ സമൂഹത്തിൽ ഏറ്റവും കൂടുതൽ ത്യാഗം സഹിക്കുന്നത് നമ്മുടെ അമ്മയാണ്.10 മാസം നമ്മെ ഗർഭം ചുമന്ന് വേദന സഹിച്ചു.ഇത് മാത്രമല്ല പിച്ച വച്ച് നടത്തുകയും സ്കൂളിലേക്ക് പറഞ്ഞയക്കുകയും ചെയ്യുന്നു.ഈ സമൂഹത്തിൽ അമ്മയ്ക്ക് എന്ത് വില നൽകുന്നു.സ്വന്തം മാതാവിനെ വൃദ്ധസദനത്തിലാക്കുന്നു. ഒരു ദിവസം ഒരാളും ഒരു പ്രാവശ്യമെങ്കിലും അമ്മേ... എന്ന് വിളിക്കും. അമ്മയെക്കുറിച്ച് പറഞ്ഞു നിർത്താൻ വാക്കുകളില്ല. എന്നാലും ഞാൻ നിർത്തുന്നു.

Fathima Sherin

VI B

# ദൈവത്തിന്റ്റെ സ്വന്തം കേരളനാട്



ഇന്ത്യയുടെ തെക്കേ അറ്റത്ത് തിളങ്ങിനിൽക്കുന്ന പച്ചപ്പാർന്ന മലകളും പച്ചപ്പ് വിരിച്ചതുപോലെയുള്ള പുല്ലുകളും തലയുയർത്തിനിൽക്കുന്ന വമ്പൻ മരങ്ങളും പ്രകൃതിയുടെ ഐശ്വര്യമായ കുഞ്ഞുപ്പൂകളുമുള്ള ഐശ്വര്യമായ നാടാണ് കേരളം. കലകൾ തിങ്ങിയ 'കളിവീട് ' എന്നും പച്ചപ്പാർന്ന കേരളത്തിന് പേരുണ്ട്. അധ്വാനികളായ കേരളത്തിലെ മനുഷ്യർ കൃഷിയിൽ വളരെ താൽപര്യമുള്ളവരാണ്. കേരളത്തിന്റെ തനതായ കലാരൂപമാണ് കഥകളി. ഭംഗിയിൽ ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിനെ വെല്ലുവാൻ ഇന്ത്യയിൽ ഏതു സംസ്ഥാനങ്ങൾക്കും കഴിയില്ല. മനുഷ്യരേയും പക്ഷിമൃഗാധികളേയും കൊണ്ട് നിറഞ്ഞ ഒരു നാടാണ് കേരളം. വിദ്യാലയങ്ങൾക്കവധിയുണ്ടാവുമ്പോൾ കുട്ടികൾ പാടങ്ങളിൽ നിറയും.

Pravya(VI B)

## The Flower



The beautiful flower
Its Sweet smell and lovely stance
The sunflower
Its yellow colour and green stem
The morning smile to it
It smiles back.
But night it droops to sleep
But its start afresh
When the dawn peeps
Lovely sunflower, The beautiful flower.

BUSHARA.A
VIII B

# പ്രകൃതിയിൽ നാം നശിപ്പിക്കുന്ന മരങ്ങൾ



മാന്യസദസ്സിന് വന്ദനം,

ബഹുമാനപ്പെട്ട ടീച്ചർ,

ഹെഡ്മാസ്റ്റർ,രക്ഷിതാക്കളെ എന്റെ പ്രിയപ്പെട്ട സുഹൃത്തുക്കളെ, ഞാൻ ഇന്നീ വേദിയിൽ അവതരിപ്പിക്കാൻ പോകുന്നത് പ്രകൃതിയിൽ നാം നശിപ്പിക്കുന്ന മരങ്ങൾ എന്ന വിഷയത്തെ കുറിച്ചാണ്.

ഇന്ന് ലോകത്ത് ഒരു സ്ഥലത്തെങ്കിലും ഒരു മരം കണ്ടെത്താൻ എത്ര സമയമെടുക്കും.നിങ്ങളിൽ ആരെങ്കിലും ചിന്തിച്ചിട്ടുണ്ടോ?മരങ്ങൾ വെട്ടി നശിപ്പിക്കുന്നത് കുറ്റകൃത്യമാണ് മരങ്ങൾ വെട്ടുന്നത് മൂലം നമുക്ക് ഓക്സിജൻ ലഭിക്കുന്നത് ഇല്ലാതാകും.

കൂടാതെ നമ്മൾ പുറന്തള്ളുന്ന കാർബൺ ഡൈ ഓക് സൈഡ് സ്വീകരിക്കുന്നത് മരങ്ങളാണ്. മരങ്ങൾ ഇല്ലെങ്കിൽ നമുക്ക് പ്രകൃതി ദത്തമായ വായു കിട്ടില്ല.ഭൂമി ഒരു പച്ച കുട ചൂടിയാണ് നിൽക്കുന്നത്. ആ പച്ച കുടയെ സംരക്ഷിക്കേണ്ടത് നമ്മുടെ അവകാശമല്ലെ?

ഓസോൺ പാളിയിൽ വിള്ളൽ വരുന്നത് ഈ മരങ്ങൾ ഇല്ലാതെ വായു മലിനമാകുന്നത് കൊണ്ടാണ്.അപ്പോൾ എല്ലാവരും ഈ കവിത ചൊല്ലി നാം ഏവരുടെയും വീട്ടു മുറ്റത്ത് ഒരു തൈ നടാം.

"ഒരു തൈ നടാം നമുക്കമ്മയ്ക്കു വേണ്ടി
ഒരു തൈ നടാം നല്ല നാളേക്കു വേണ്ടി"

ഇനി എല്ലാവർക്കും മരങ്ങൾ ഇല്ലാത്തതു കൊണ്ടുള്ള പ്രശ്നവും മരങ്ങളുടെയും ചെടികളുടെയും ആവശ്യകതയും മനസ്സിലായല്ലോ?

നന്ദി ,നമസ്കാരം.

PREETHI.M (IX A)



# ആപത്തിൽ നിന്ന് രക്ഷിച്ച പുലി

ഒരു ദിവസം ഒരു വീട്ടിൽ ഒരു അമ്മയും അച്ഛനും, മാത്രമായിരുന്നു. അവരുടെ കുട്ടി സ്കൂളിൽ സ്പെഷ്യൽ ക്ലാസ്സ് ഉണ്ടെന്ന് കള്ളം പറഞ്ഞാണ് പോയത്. അത് ഒരു ഞായറാഴ്ച്ചയായിരുന്നു.വീട്ടിൽ ബാക്കിയുള്ളവരെല്ലാം പുറത്ത് പോയി. അമ്മ മാത്രം തനിച്ച്.ആ വീട് ഒരു കാട്ടിന്റെ ഉള്ളിലായിരുന്നു.അവിടെ മൃഗങ്ങളും വന്യജീവികളു-മൊക്കെയുണ്ടായിരുന്നു. നേരംസന്ധ്യയായി. എല്ലാവരും തിരിച്ചെത്തി. പക്ഷെ,സ്കൂളിൽ പോയ മകൾ മാത്രം തിരിച്ചുവന്നില്ല. എല്ലാവർക്കും പേടിയായി.അഥവാ കാട്ടിലെവിടെയെങ്കിലും വഴി തെറ്റി പോയോ എന്ന് ഭയന്നു.അമ്മ അവളുടെ കൂട്ടുകാർക്കൊക്കെവിളിച്ചു.അവർ സ്കൂളിൽ നിന്ന് വീട്ടിലേക്ക് തിരിച്ചു എന്ന് പറഞ്ഞു. മകളുടെ ഫോൺ ഓഫ് ചെയ്ത് വെച്ചിരിക്കുകയായിരുന്നു.അമ്മയുടെ ഭയം കൂടി.അച്ഛൻ അമ്മയെ വഴക്കു പറഞ്ഞു.എന്തിനാണ് ഞായറാഴ്ച്ച ദിവസം ക്ലാസ്സിൽ വിട്ടത് എന്ന് പറഞ്ഞു.ഒടുവിൽ ഒരു കുട്ടി ഓടി വന്ന് പറഞ്ഞു.ഈ കാട്ടിൽ പുലി ഇറങ്ങിയിട്ടുണ്ട്,ഒരു കുട്ടി കരയുന്നതു കേട്ടു.എന്നു പറഞ്ഞു.അവർപേടിച്ച് പതുക്കെ പതുക്കെ നടന്ന് പുലിയുടെ അടുത്തെത്തി.അവരുടെ മകൾ ഒരു കല്ലിന്റെ മേൽ കിടക്കുന്നു.പുലി കറങ്ങി നടക്കുന്നു.അവർ പുലിയെ ആക്രമിക്കാൻ ശ്രമിച്ചു.അമ്മ മകളുടെ അടുത്ത് ചെന്ന് പുഴയിൽ നിന്ന് വെള്ളമെടുത്ത് മുഖത്ത് തെളിച്ചു.മകൾ എണീറ്റു.പുലിയുടെ ശരീരത്തിലെല്ലാം പരുക്ക്പറ്റി.മകൾ പറഞ്ഞു .ആ പുലിയാണ് എന്നെ രക്ഷിച്ചതെന്ന് ഒരു വാഹനം തട്ടി താഴെ വീണു.എന്നിട്ട് പുലി വന്ന് രക്ഷിച്ച്കല്ലിന്റെ മുകളിൽ കിടത്തിയതാണെന്ന് പറഞ്ഞു.അത് ഒരു സാധുവായ പുലി ആയിരുന്നു.

YASMIN PARWIN(IX B)

## യാത്ര വിവരണം

ഞാൻ എന്റെ ഉമ്മാന്റെ വീട്ടിലേക്ക് പോയി. അവിടെ ഒരു സഞ്ചാര-കേന്ദ്രം ഉണ്ടായിരുന്നു.അത് ഒരു ഡാം ആയിരുന്നു. അങ്ങോട്ട് പോകുന്ന വഴിയിലെ കാഴ്ച്ചകൾ ഒരുപാട് മനോഹരമായിരുന്നു. പച്ചപിടിച്ച മലകൾ മേഘത്താൽ മൂടി നിൽക്കുന്നത് കാണാൻ വളരെ മനോഹരമായിരുന്നു. പോകുന്ന വഴിയിൽ കുറെ പുഴകൾ ഉണ്ടായിരുന്നു. ആ പുഴകൾ ഒലിച്ചു പോകുന്നത് കാണാൻ വളരെ നോഹരമായിരുന്നു. ഞാനും എന്റെ കുടുംബവുമാണ് പോയത്. ഞങ്ങൾ ഒരുപാട് ആഹ്ലാദിച്ചു. പോകുന്ന വഴിയിൽ കടി കടയിൽ നിന്ന് കടിയെല്ലാം വാങ്ങിയിരുന്നു. അതെല്ലാം കഴിച്ച് സുഖമായി ഞങ്ങൾ ഡാമിലേക്ക് പോയി. അവിടെ മനോഹരമായ കാഴ്ച്ചകൾ വളരെയധികമുണ്ടായിരുന്നു. അവിടത്തെ ഡാമിൽ വളരെയധികം വെള്ളമുണ്ടായിരുന്നു. ഡാമിന്റെ കടയിൽ നിന്നും ഞങ്ങൾ ബോണ്ട വാങ്ങി കഴിച്ചു.വളരെ സ്വദിഷ്ടമായിരുന്നു.അങ്ങനെ ഞങ്ങൾ ഡാം കണ്ട് തിരിച്ചു പോയി.ആ നാളുകൾ ഞാൻ ഒരിക്കലും മറക്കില്ല.

**Shifa Fathima-N**
**IX B**

## മാതൃസ്നേഹം



രംഗം.1

[മഹേഷ് ജോലിക്ക് വേഗത്തിൽ പോവുകയാണ്]

മഹേഷ്: അമ്മേ....മീന... ഞാൻ പോവാണേ വരുമ്പോൾ എന്തെങ്കിലും വേണോ?

മീന: ശരി ഏട്ടാ ഒന്നും വാങ്ങണ്ട.

അമ്മ: മോനെ നീ ഭക്ഷണം എടുക്കാൻ മറന്നു.

മഹേഷ്: ഓ... ഓർമയില്ല. ശരി അമ്മേ പോയിട്ടുവരാം

(മീനവിന് അമ്മയെ തീരെ ഇഷ്ട മില്ലായിരുന്നു)

അമ്മ: മോളേ ഇന്നാ കുളിക്കാൻ ചൂടുവെള്ളം.

മീന: (മനസ്സിൽ) ഇതാണ് പറ്റിയ അവസരം വെള്ളത്തിൽ കാല് തെറ്റി വീണത് പോലെ അഭിനയിക്കാം.

(മീന വെള്ളം മറിച്ചിട്ട് വീണത് പോലെ അഭിനയിക്കുന്നു)

മീന: അയ്യോ വയ്യേ!

അമ്മ: അയ്യോ എന്താ മോളെ എന്തുപറ്റി ?

മീന:അമ്മയാണത്രേ അമ്മ.

[വൈകുന്നേരം മഹേഷ് വീട്ടിലേക്ക് വരുന്നു]

മീന:നിങ്ങളെ അമ്മെയെ വേഗം ഒരു വൃദ്ധസദനത്തിൽ കൊണ്ടാക്കണം.

മഹേഷ്:എന്താ നീ ഇങ്ങനെയൊക്കെ പറയുന്നത്?

മീനു:ഞാൻ കൈ വഴുതി വീണിട്ടുണ്ടെങ്കിൽ കുട്ടി

പോയേനെ.

മഹേഷ്:നീ എന്താപറയുന്നത് എന്ന് എനിക്ക്

മനസ്സിലാകുന്നില്ല.

[മീനു നുണ കഥയുണ്ടാക്കി പറഞ്ഞു അത് വിശ്വസിച്ച് മഹേഷ് അമ്മയെ വൃദ്ധസദനത്തിൽ ആക്കുന്നു.]

[മാസങ്ങൾക്ക് ശേഷം അമ്മയെ കാണാൻ മഹേഷ് പോകുന്നു.]

മഹേഷ്:എന്റെ അമ്മയെ കാണാമായിരുന്നു.

മാനേജർ:മരിച്ചു.

മഹേഷ്:എന്ത്?

മാനേജർ:ഞങ്ങൾ കുറേ ശ്രമിച്ചു.പക്ഷെ പറ്റിയില്ല

മരിക്കുന്നതിനു മുൻമ്പ് ഒരു പേപ്പർ,ബാഗ് എന്നിവ തന്നു.

[അവർ അത് കൊണ്ടു വന്നു കൊടുക്കുന്നു.]

[ബാഗ് തുറന്ന് നോക്കിയപ്പോൾ കുറെ ചെറിയ ഉടുപ്പുകൾ.]

[ആ പേപ്പർ മീനു വായിച്ചു.]

പ്രിയപ്പെട്ട മോനെ

ഇത് നീ കാണുമോ എന്ന് എനിക്ക് അറിയില്ല

എങ്കിലും ഞാൻ പറയാം എനിക്ക് ഇവിടെ സുഖമാണ്

മീനുവിനെ നന്നായി നോക്കണം

അവൾക്ക് ഒരുസങ്കടവും വരുത്തരുത്.എന്നെ ആരോ

വിളിക്കുന്നത് പോലെ തോന്നുന്നു എങ്കിലും ഞാൻ

സന്തോഷത്തോടെ ഇരിക്കുന്നു.

എന്ന് സ്വന്തം

അമ്മ

[കത്ത് വായിച്ച്  മഹേഷ് പൊട്ടിക്കരഞ്ഞു]

മഹേഷ്:അമ്മേ...... അമ്മയുടെ മനസ്സ്

അറിഞ്ഞിലല്ലോ [കർട്ടൺ]

നാം ഒരിക്കലും അമ്മയെ വേദനിപ്പിക്കരുന്നത്.

അതിന് നാം വേദനിക്കും.

*FATHIMA SHERIN.K*
*VI.B*



*JASEELA. S IX A*

*ജലം   അമൂല്യമാണ് അത് പാഴാക്കരുത്*

# FOUR BROTHERS




ONCE upon a time there lived four brothers. Their names where Ram, Gopal, Dev and Raj. They were studying in Gurukulam. Except Raj, three of them were very smart and powerful, but Raj is cleverer than all his brothers. After 5 years they finished their studies. They were going to their houses. On the way Ram said, "I am powerful than all the brothers". Gopal didn't expect these words. He said,"I am elder than you, Ram,so I am more powerful than you". The eldest brother Dev didn't expect their words . He said. "There is no doubt I am elder than everyone, so I am powerful "Raj said to brothers, "It's not in words. If you all are powerful then you should prove. How's it everyone?" On the way they saw the skeleton of a lion. Everyone stopped. At first, Ram said, "I can join the skeleton pieces" .He did it. After that, Gopal said, "This is nothing, I can give it skin and blood, so this proves that I am powerful." Dev became very angry and according to his selfish and arrogant character he said, "This is nothing to compare to my power. I can give it life." Everyone was scared but Dev didn't stop,he worked on it. The lion walked and turned to a small baby goat and said," Dear assistance,the flower which I taught is not to work for bad, it's to work for good ."

Shahad
VIII B


# ഐടിഐ ലിമിറ്റഡ് കഞ്ചിക്കോട് സന്ദർശനം







**ലിറ്റിൽകൈറ്റ്സിന്റെ** ആഭിമുഖ്യത്തിൽ ഐടിഐ ലിമിറ്റഡ് കഞ്ചിക്കോട് സന്ദർശിച്ചു ശുചിത്വ മിഷന് ആഭിമുഖ്യത്തിൽ ഒരു സെമിനാർ നൽകി. പിന്നീട് പി.സി.ബി യുടെ നിർമ്മാണ ശാലയിലേക്ക് കൊണ്ടുപോവുകയും നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ വിശദീകരിച്ച് തരുകയും ചെയ്തു. പി സി ബി കോംപണൻസ് ഘടിപ്പിക്കുന്ന രീതിയും വിവരിച്ചു തന്നു.ഹൈസ്കൂളിലെ വിദ്യാർത്ഥികൾക്ക് ലഭിച്ച ഒരു അപൂർവ അവസരമായിരുന്നു ഇത്.



## പ്രകൃതി

പ്രകൃതിയിൽ ധാരാളം അത്ഭുതങ്ങളുണ്ട്.
മലകളും, പുഴകളും, കാടുകളും, നദികളും,
മലകുളും,അരുവികളുംപൂക്കളും പൂമ്പാറ്റകളും
ഇങ്ങനെയുള്ള പല പല അത്ഭുതങ്ങളുണ്ട്.കാട്ടിലാണെങ്കിൽ സിംഹം,കടുവ,ചീറ്റ,പുലി എന്നീ മൃഗങ്ങളും മയിൽ,തത്ത,കുരുവി, പ്രാവ്  എന്നീ പക്ഷികളും ഉണ്ട്. കാടിന്റെ നടുവിൽപുഴകളുമുണ്ട്. പുഴയിലാണെങ്കിലോ മീൻ,മുതല,ആമ,പാമ്പ് പുഴയിലുണ്ട്. പിന്നെ പല വർണങ്ങളിലുള്ള പൂമ്പാറ്റ. രാത്രിയിൽ വെള്ള സാരി ഉടുത്ത് വരുന്ന നക്ഷത്രങ്ങൾ. ഒരു  രാജാവിനെ പോലെ വരുന്ന ചന്ദ്രൻ. രാവിലെ വരുന്ന സൂര്യൻ.ഇങ്ങനെ പറഞ്ഞാൽ തീരാത്ത അനുഗ്രഹങ്ങൾ പ്രകൃതി നമുക്ക് കിട്ടിയ വരം തന്നെ ആണ്.

മുഹമ്മദ് ഷെബീബ്

VIII A

## ലോക കൈകഴുകൽ ദിനം





## പ്രസംഗം

മാന്യസദസ്സിന് വന്ദനം,

ബഹുമാനപ്പെട്ട ഹെഡ്മാസ്റ്റർ,അധ്യാപിക,അധ്യാപകന്മാരെ പ്രിയ കൂട്ടുകാരെ, ഞാൻ ഇന്നീ വേദിയിൽ പറായാൻ ആഗ്രഹിക്കുന്നത് "ലഹരി ഉപയോഗം അപകടകരം"എന്ന വിഷയത്തെക്കുറിച്ച് ഒരു കൊച്ചു പ്രസംഗംമാണ്.

ബഹുമാനപ്പെട്ട നാട്ടുകാരെ, കൂട്ടുകാരെ നിങ്ങൾക്കറിയമോ? ലഹരി നമുക്ക് ആപത്താണ്.അത് നമ്മുടെ വീടിനെയും നാടിനെയും രാജ്യത്തെയും പിന്നെ ഈ ഭൂമിയെ തന്നെ ഈ ലഹരി,മയക്കുമരുന്നുകൾ എന്ന വസ്തുകൾ ഓരോ ജനങ്ങളിലൂടെയും ആക്രമിച്ചു തന്നെ നമ്മുടെ ഈ ഭൂമിയെ നശിപ്പിക്കും.ഇന്നത്തെ കാലത്ത് കൂടുതലും സ്കൂൾ കുട്ടികളിലൂടെയാണ് ലഹരി മയക്കു മരുന്നു,കഞ്ചാവ് എന്ന വസ്തുക്കൾ വ്യാപിക്കുന്നത്.അത് നമ്മൾ മുൻ കൂട്ടി അറിഞ്ഞ് അത് നമ്മൾ തടുക്കണം. അത് മാത്രമാണ് പുതിയ ഒരു ലോകത്തിലേക്കുള്ള ഏകവഴി.ഇപ്പോൾ ലഹരി മാഫിയകളിലൂടെയും ഇത് കുട്ടികൾക്ക് പകരുന്നു.ആ ലഹരിയുടെ ഉറവിടം കണ്ടെത്തി അത് ഇല്ലാതാക്കണം.അതാണ് മറ്റൊരു തലമുറയുടെ ഏക ആശ്രയം.ലഹരി നശിപ്പിക്കുന്നത് ഉപയോഗിക്കുന്നവ-രെ മാത്രമല്ല,അവരിലൂടെ അത് കുടുംബത്തെയും നാടിനെയും ബാധിക്കും.അത് നിങ്ങൾ ഓരോരുത്തരും കണ്ടറിഞ്ഞ് ലഹരി,മയക്കുമരുന്ന്,കഞ്ചാവ് എന്നിവയുടെ ഒരു തരിപോലും ഇല്ലാതെ അതിനെ നാം ഓരോരുത്തരും നശിപ്പിക്കണം.അത് നാം ഓരോരുത്തരുടെയും കടമയാണ്. ഈ ലോകത്ത് നമുക്ക് മാത്രം ജീവിച്ചാൽ പോരാ ;എന്ന് ഓരോരുത്തരും ചിന്തിക്കണം.

നിങ്ങൾ ഓരോരുത്തരും ലഹരി ഉപയോഗം കണ്ടറിഞ്ഞ് അത് നിരോധിക്കണം.നിങ്ങൾ ഓരോരുത്തരും അത് കണ്ടറിഞ്ഞ് ഇല്ലാതാക്കുമെന്ന പ്രതീക്ഷയോടുകൂടി എന്റെ ഈ കൊച്ചു പ്രസംഗം നിർത്തുന്നു. നന്ദി നമസ്കാരം

FATHIMATHUL FARSANA.K
IX-A

# വിരുന്നു വീട്



വിരുന്ന് വരുന്ന വീട്
ഞാൻ കളിക്കുന്ന വീട്
വിരുന്ന് വരുന്ന വീട്
ഞാൻ കളിക്കുന്ന വീട്
എൻ വിരുന്ന്കാലത്തെ വീട്
അവിടത്തെ ഊഞ്ഞാൽ
ഞാൻ കളിച്ച ഊഞ്ഞാൽ
നമ്മൾ ഒന്നായി കളിച്ച ഊഞ്ഞാൽ
എൻ വിരുന്ന് വീട്ടിലെ ഊഞ്ഞാൽ
നമ്മൾ ഒന്നായി കളിച്ച ഊഞ്ഞാൽ
എൻ വിരുന്ന് വീട്ടിലെ ഊഞ്ഞാൽ

അവിടത്തെ വഴികൾ
ഞാൻ നടന്ന വഴികൾ
അവിടത്തെ വഴികൾ
ഞാൻ നടന്ന വഴികൾ
എൻ കാലാടി പതിഞ്ഞ വഴികൾ
എൻ വിരുന്ന് വീട്ടിലെ വഴികൾ
അവിടത്തെ മലകൾ
ഞാൻ കേറിയ മലകൾ
ആ നാട്ടിലെ  മലകൾ
അങ്ങനെ അവിടത്തെ
കാഴ്ചകൾ പലതുണ്ട്
വിരുന്ന് വരുന്ന വീട്
ഞാൻ കളിക്കുന്ന വീട്
എൻ വിരുന്ന്കാലത്തെ വീട്
എൻ വിരുന്ന് കാലത്തെ വീട്

ശ്രുതിലയ
V.B

# അമ്മുവിന്റെ പൂന്തോട്ടം



ഒരു ഗ്രാമത്ത് അമ്മു എന്നൊരു മിടുക്കി പെൺകുട്ടി ഉണ്ടായിരുന്നു. അമ്മ,അച്ഛൻ,അനിയൻ,മുത്തശ്ശൻ, മുത്തശ്ശി അവരൊക്കെയാണ് അവളുടെ വീട്ടിൽ.അവൾക്ക് ഒരു പൂന്തോട്ടമുണ്ടായിരുന്നു. അതിൽ റോസാപ്പൂ, തെച്ചിപ്പൂ, മന്ദാരപ്പൂ, അരളിപ്പൂ തുടങ്ങിയ പൂച്ചെടികളാണുള്ളത്. പക്ഷേ,അവൾക്ക് ഏറെ ഇഷ്ടമായിരുന്ന മുല്ലപ്പൂച്ചെടി മാത്രം ഉണ്ടായിരുന്നില്ല. ഒരു ദിവസം അമ്മുവിന്റെ മുത്തശ്ശി ഭഗവതിക്കാവിലേക്ക് പോയി വരുമ്പോൾ വഴിയിൽ ഒരു കുഞ്ഞു മുല്ലച്ചെടി കണ്ടു.മുത്തശ്ശി അതിനെ വേരോടെ പറിച്ചെടുത്ത് വീട്ടിലേക്ക് നടന്നു. വീട്ടിലെത്തിയ മുത്തശ്ശി അമ്മുവിനെ വിളിച്ച് മുല്ലച്ചെടി

കൊടുത്തു. അമ്മുവിന് വളരെയധികം സന്തോഷമായി . സന്ധ്യാനേരമാകുന്നതേയുള്ളൂ. അമ്മു മുല്ലച്ചെടി കിട്ടിയയുടനെ അവളുടെ പൂന്തോട്ടത്തിലേക്ക് നടന്നു.മുല്ലച്ചെടിക്ക് സൂര്യപ്രകാശം ആവശ്യത്തിന് ലഭിക്കുന്ന സ്ഥലത്ത് നട്ടു.അവൾ അതിനെ സ്നേഹപൂർവ്വം ഒന്നു നോക്കി.എന്നിട്ട് വീട്ടിലേക്ക് തിരിഞ്ഞ് നടന്നു.വീട്ടിലേക്ക് പോകുമ്പോഴും അവൾ അതിനെ തിരിഞ്ഞുനോക്കി.പിന്നെയും അവൾ പൂന്തോട്ടത്തിൽ വന്നു. പൂന്തോട്ടത്തിൽ അവൾ നട്ട മുല്ലച്ചെടിക്ക് ഒഴിച്ചു കൊടുക്കാൻ വേണ്ടി മണ്ണുകൊണ്ടുണ്ടാക്കിയ കപ്പിൽ വെള്ളവുമായിട്ടാണ് വന്നത്.അവൾ അതിന് വെള്ളം ഒഴിച്ച് കൊടുത്ത് വീട്ടിലേക്ക് നടന്നു.പിറ്റേ ദിവസവും വന്ന് മുല്ലച്ചെടിക്ക് രാവിലെയും വൈകുന്നേരവും ഒഴിച്ചു കൊടുത്തു.അവൾ ഇത് ആവർത്തിച്ചു കൊണ്ടേയിരുന്നു.അവസാനം മുല്ലച്ചെടിയിൽ തളിര് വരുകയും പിന്നെ മൊട്ടുകളുണ്ടാകുകയും പൂവിരിയുകയും ചെയ്തു.അന്ന് വസന്തകാലമായിരുന്നു.സാധാരണ അവളുടെ പൂന്തോട്ടത്തിലെ പൂക്കൾ തലയുയർത്തി നിൽക്കുമ്പോൾ ആ മുല്ലപൂച്ചെടിയും പൂ

വിരിഞ്ഞ് തലയുയർത്തി നിൽക്കുന്നു.ഈ കാഴ്ച കണ്ട് അവൾ അത്ഭുതപ്പെട്ടു പോയി.പിറ്റേദിവസം മുത്തശ്ശികാവിലേക്ക് പോകുമ്പോൾ അവളും കൂടെ പോയി അവളുടെ കൈയിൽ ഭഗവതിക്ക് വയ്ക്കുവാൻ അവൾ നട്ടു പിടിപ്പിച്ച ആ മുല്ല ചെടിയിൽ നിന്ന് മുല്ലപൂക്കൾ പറിച്ച പൂമാല കെട്ടി ഭഗവതിക്ക് ചാർത്തി. പിന്നെ വീട്ടിലേക്ക് മുത്തശ്ശിയോടൊപ്പം നടന്നു.അവൾ പൂന്തോട്ടത്തിലേക്ക് ഓടി. മുല്ല ചെടിയെ തലോടി.

രജിത.യു VI.A

## പ്രളയം പഠിപ്പിച്ച പാഠം

പ്രിയപ്പെട്ട കൂട്ടുകാരെ,

നമുക്കറിയാം പ്രളയം നമുക്കേറെ നഷ്ടം വരുത്തി വച്ചു. എന്നാൽ പ്രളയം മൂലം നമുക്ക് കുറച്ച് ഗുണങ്ങളുണ്ടായിട്ടുണ്ട്. അതെന്താണെന്ന് നിങ്ങൾ പറയൂ?ആദ്യം തന്നെ കേരളത്തിലെ ജനങ്ങൾ ജാതി , മത വ്യത്യാസങ്ങളില്ലാതെ പ്രളയത്തെ അതിജീവിച്ചു. ക്രിസ്തുവെന്നോ,ഇസ്ലാമെന്നോ,ഹിന്ദുവെന്നോ ഇല്ലാതെ അവർ ഒരുമിച്ച് ഓണം ആഘോഷിച്ചു.'ഒത്തൊരുമിച്ചാൽ മലയും പോരും' എന്ന ചൊല്ല് കേരളീയരും വിശ്വസിച്ചിരിക്കുന്നു. ഭക്ഷണത്തെ വേണ്ടെന്നു പറഞ്ഞു ചവറ്റു കൊട്ടയിലേക്ക് വലിച്ചെറിയുന്ന മനുഷ്യർക്ക് ഭക്ഷണത്തിന്റെ വില മനസ്സിലാക്കിയിരിക്കുന്നു.2018 ലെ പ്രളയം മൂലം 2019 ലെ പ്രളയത്തെ കേരളിയർ അതിജീവിക്കുവാൻ പഠിച്ചു. നമുക്ക് കുറെ നാശനഷ്ടങ്ങൾ വരുത്തിയിട്ടാണ് പ്രളയം പോയതെങ്കിലും പ്രളയത്തിൽ വീട് ലഭിക്കാത്തവർക്കും മറ്റ് എല്ലാ സഹായങ്ങളും മനുഷ്യർ ചെയ്യുവാൻ തുടങ്ങി.എനിക്കീ അവസരത്തിൽ പറയാനുള്ളത് എന്തെല്ലാം പ്രശ്നങ്ങൾ ഉണ്ടായിക്കോട്ടേ നമ്മൾ അതിനെ എല്ലാം അതിജീവിച്ച് മുന്നോട്ടു തന്നെ കുതിക്കണമെന്ന് പറഞ്ഞു കൊണ്ട് എന്റെ കൊച്ചു പ്രസംഗം നിർത്തുന്നു.

നന്ദി ,നമസ്കാരം

പ്രവ്യ.എസ്

# പാമ്പും തവളയും

പണ്ട് താമരകൾ നിറഞ്ഞ് നിൽക്കുന്ന ഒരു സുന്ദരമായ തടാകം ഉണ്ടായിരുന്നു. ആ തടാകത്തിൽ നിറയെ തവളകൾ താമസിച്ചിരുന്നു. അവർക്കൊരു രാജാവുണ്ടായിരുന്നു. ആ തവളരാജാവിന്റെ പേരായിരുന്നു മണ്ടുകൻ. ആ തടാകക്കരയിലെ മരത്തിൽ സൂത്രശാലിയായ ഒരു പാമ്പും ജീവിച്ചിരുന്നു. അവൻ ആ മരത്തിന്റെ മുകളിലിരുന്ന് തവളകളെ എപ്പോഴും നോക്കുമായിരുന്നു. “നോക്കിയിരിന്നിട്ടെന്തു കാര്യം പാവം പാമ്പിനുണ്ടോ തവളകളെ പിടിക്കാൻ കഴിയുന്നു.” അങ്ങനെയിരിക്കെ തവളകളെ പിടിക്കാൻ അവനൊരു വഴി ആലോചിച്ചു. അടുത്ത ദിവസം അവൻ പതിയെ ഇഴഞ്ഞിഴഞ്ഞ് തടാകത്തിനടുത്തേക്ക് പോയി. പാമ്പിനെ കണ്ടയുടൻ തവളകൾ പേടിച്ച് ഓടുവാൻ തുടങ്ങി. എന്നാൽ ധീരനായ മണ്ടുകൻ പാമ്പിന്റെ അടുത്ത് ചെന്ന് കാര്യങ്ങളന്വേഷിച്ചു "ആരാ എന്താ?" “സുഹൃത്തേ ഞാൻ നിങ്ങളെ ഭക്ഷിക്കാൻ വന്നതല്ല. ഒരു സഹായം ചോദിച്ച് വന്നതാ, "സഹായമോ?" "എന്ത് സഹായം?" പണ്ട് ഞാനൊരു ബ്രാമണന്റെ മകനെ കടിച്ച് കൊന്നു. അതിൽ കോപിതനായ ബ്രാമണൻ എന്നെ ശപിച്ചു കൊണ്ട് പറഞ്ഞു: “നീ ഇരപിടിക്കാൻ കഴിയാതെ അവശനായി തീരും എന്ന് .” അദ്ദേഹത്തിനോട് ശാപമോശത്തിനായി കരഞ്ഞപ്പോൾ



അദ്ദേഹം പറഞ്ഞു: “നീ ഭക്ഷണമാക്കിയ തവളകളെ ചുമലിലേറ്റി നടക്കണം. അതാണ് ഞാൻ നിങ്ങളെ തേടിയെത്തിയത്" . അപ്പോൾ മണ്ടുകൻ പറഞ്ഞു: “ആ ഒരുപാട് നാള് ഞങ്ങളെ ഉപദ്രവിച്ചതല്ലേ ഇനി കുറച്ച് ചുമന്നോ ഒരോദിവസം ഓരോരുത്തരെയായി അടുത്തുള്ള തടാകത്തിലെത്തിച്ചാൽ മതി.“ മണ്ടുകൻ രാജാവിന്റെ കല്പനയനുസരിച്ച് അടുത്ത ദിവസം ഒരു തവളയുമായി പാമ്പ് യാത്ര ആരംഭിച്ചു. അതിനടുത്ത ദിവസം മറ്റൊരു തവളയുമായ് പാമ്പ് യാത്രയായി. അവൻ ഓരോരോ തവളകളെയും കൊണ്ടുപോയി. മണ്ടുകന്റെ കൂടെയുണ്ടായിരുന്ന അവസാനത്തെ

തവളയെയും അവൻ കൊണ്ടുപോയി. ഒടുവിൽ മണ്ടുകന്റെ ഊഴമെത്തി. അവൻ മണ്ടുകന്റെ അടുത്തേക്ക് ചെന്നു. "എന്താ ചങ്ങാതി മറ്റുള്ളവർക്കെല്ലാം സുഖം തന്നെയല്ലേ?" "ഹ....ഹ....ഹ എല്ലാവർക്കും പരമസുഖം." ആ ദുഷ്ടൻ കൊണ്ടുപോയ എല്ലാ തവളകളെയും തിന്നുകഴിഞ്ഞിരുന്നു. ഇതൊന്നും അറിയാതെ പാവം മണ്ടുകരാജൻ പാമ്പിന്റെ കൂടെ ചെന്നു. അങ്ങനെ അവൻ മണ്ടുകരാജനെയും അകത്താക്കി. ഒടുവിൽ മണ്ടുകരാജന്റെ കിരീടം മാത്രം ബാക്കിയായി. ആ തടാകത്തിലെ മുഴുവൻ തവളകളെയും തിന്നുകഴിഞ്ഞപ്പോൾ അവനടുത്ത തടാകം തേടി യാത്ര ആരംഭിച്ചു.

ഈകഥയിലെഗുണപാഠം:ശത്രുക്കളുടെവാക്കുകൾ വിശ്വസിക്കരുത്.

RAMSHEENA-R
IX-B

## ലോക നാളികേര ദിനം







# ലഹരി വിരുദ്ധ ദിനം





# വര









# PARAMBIKULAM FIELD TRIP










# യാത്രാനുഭവം

ഞാനും എന്റെ മാമനും ചേച്ചിയും ഏട്ടനും ചേർന്ന് കഞ്ചിക്കോട് കാട്ടിലേക്ക് പോയി.രാവിലെ 7.00 മണിക്കാണ് വീട്ടിൽ നിന്ന്പുറപ്പെട്ടത് അവിടെ എത്തുമ്പോൾ ഏകദേശം 8.00 മണിയായി.ആദ്യം ഞങ്ങൾ മലകേറി.പകുതി എത്തിയപ്പോൾ അവിടെ ആനകളുടെ ശബ്ദം കേട്ടു. ഞങ്ങൾ പേടിക്കാതെ കുറച്ചുകൂടി ദൂരം കേറി.അപ്പോൾ 1:30 ആയി വരുമ്പോൾ കൊണ്ടുവന്നിരുന്ന ഭക്ഷണവും കഴിച്ച് യാത്ര തുടർന്നു. യാത്രയ്ക്കിടയ്ക്ക് ഒരു വലിയ ആന കുടുംബത്തെ കണ്ടു. പിന്നീട് മലയുടെ മുകളിൽ എത്തി. മല ഇറങ്ങുമ്പോൾ നല്ല വഴുക്കനുണ്ടായിരുന്നു.പിന്നെ മലയിറങ്ങി. ഞങ്ങൾ അവിടെയുള്ള 'ആരക്കാമടേരി'എന്ന കുളത്തിൽ കുളിച്ചു.ഈ യാത്ര എനിക്ക് മറക്കാനാവില്ല.

അശ്വിൻ
7.B



# Interesting facts of English

The word ‘Goodbye’ originally comes from an Old English phrase meaning ‘god be with you’.

The oldest English word that is still in use is ‘town’.

The original name for butterfly was flutterby.

“Go!” is the shortest grammatically correct sentence in English.

The two most common words in English are I and you.
The English language is said to be one of the happiest languages in the world – oh, and the word ‘happy’ is used 3 times more often than the word ‘sad’!
The most common adjective used in English is ‘good’.

The most commonly used noun is ‘time’.

## Good Riddle

What is greater than God,
more evil than the devil,
the poor have it,
the rich need it,
and if you eat it, you'll die?

Nothing. Good riddles like this never get old.

What is made of water but if you put it into water it will die?

An ice cube.

I'm tall when I'm young and I'm short when I'm old. What am I?

A candle.

What has hands but can not clap?

A clock.

What does a cloud wear under his raincoat?

*Thunderwear.*

What room doesn't have doors?

*Mushroom.*

What do Alexander the Great and Winnie the Pooh have in common?

*The same middle name.*

Which is the longest word in the dictionary?

*"Smiles," because there are miles between each "s."*

# സ്വപ്നത്തിന്റെ നിഴലുകൽ

സ്വപ്നത്തിന്റെ നിഴൽ വീണ താഴ്വരയിലൂടെ നടന്നുനീങ്ങുകയായിരിന്നു.ഞാൻ പെട്ടന്ന് ഇതാ അപ്രതിക്ഷിതമായ വരവ് എന്റെ മനസ്സിലെ ചിന്തകളെ മാറിമറിച്ച കാഴ്ചകൽ കൂട്ടുകാരുമൊത്ത്. സ്വപ്നത്തിന്റെ ലോകത്ത് നടന്ന എന്റെ മുന്നിലേക്ക് ചീറിപാഞ്ഞ് വന്നൊരു ലോറി എന്റെ മനസ്സ് എന്നെ പിന്നിലേക്ക് വലിച്ചെങ്കിൽ എന്റെ ശരീരം പിന്നിലേക്ക് പോയില്ല .ആ ലോറിയുടെ വരവ് ആശുപത്രിയിലെ കിടക്കയിലേക്ക് എന്നെ എത്തിച്ചു. 6 മാസം എന്റെ ജീവിതം ആ കിടക്കയിൽ പോയി. 6 മാസം 6 ദിവസം പോലെ എന്റെ മുന്നിലൂടെ പാഞ്ഞു പോയി. 6 മാസത്തെ ഇടവേള കഴിഞ്ഞ് എന്റെ ജീവിതത്തിലേക്ക് ഞാൻ തിരിച്ചെത്തി. പിറ്റേ ദിവസംമുതൽ ഞാൻ സ്കൂളിലേക്ക് പോകുവാൻ തുടങ്ങി സ്കൂളിലെ കോണിപടികളിലേക്ക് മങ്ങിപോയ എന്റെ കണ്ണുകൾ നോക്കി. ഞാൻ എന്റെ ക്ലാസ്സിലേക്ക് ചെന്നു. ആഹ്ലാദത്തോടെ എല്ലാവരും എന്റെ അടുത്തേക്ക് ഓടിവന്നു. അവരുമായി ഞാൻ എന്റെ സന്തോഷങ്ങൾ പങ്കുവെച്ചു. ഞാനിതാ പത്താം ക്ലാസ്സിൽ നല്ല മാർക്കോടു ജയിച്ചു. തുടർപഠനം സുഖമായിരിന്നു. എനിക്ക് നാല് കൂട്ടുക്കാരുണ്ടായിരുന്നു. അവർ എന്നെ കൂട്ടാതെ ശിവ, ധനുഷ്,സൂര്യ, കമൽ എന്നിവർ എന്നെ വീട്ടുപോയി അവർ ക്കറിയാതെ ഞാൻ അവരെ പിൻതുടർന്നു. അവർ കാട്ടിലേക്ക് അതിൽ ഒരാൾ ലഹരി ഉപയോഗിക്കാൻ പറഞ്ഞു . ഞാൻ സ്വന്തം കൂട്ടുക്കാരുടെ മരണം കൺമുന്നിൽകണ്ടു.

***VIJAY.P***
***IX A***

# വിരലുകളുടെ കഥ




ഒരിടത്ത് അഞ്ചു വിരലുകൾ ഉണ്ടായിരുന്നു. അതിൽ ഏറ്റവും വലിയ വിരലായിരുന്നു തള്ള വിരൽ.അതിന് വലിയ വിരൽ എന്ന ഗമയുമുണ്ടായിരുന്നു. അപ്പോഴാണ് അതിൽ ആരാണ് വലിയ വിരൽ എന്ന സംശയം ആ വിരലുകൾക്കിടയിൽ ഉണ്ടായത്.എന്നാൽ ആരും വെളിയിൽ പറയാറില്ല.എല്ലാവരും അവരാണ് വലിയ ആളെന്നാണ് വിചാരിച്ചിരുന്നത്.എന്നാൽ അതിലെ പാവം വിരലാണ് ചെറുവിരൽ.ഏറ്റവും ചെറുതുമാണ്.ആ നാലു വിരലുകൾക്കും ആ ചെറുവിരലിനെ ഇഷ്ടമല്ലായിരുന്നു. അപ്പോഴാണ് ചെറുവിരൽ പറഞ്ഞത്:നിങ്ങളിൽ ഏറ്റവും വലുത് ആരാണ്?വിരലുകൾ തമ്മിൽ തർക്കിക്കാൻ തുടങ്ങി.തള്ളവിരൽ പറഞ്ഞു:ഞാനാണ് വലുത് എന്ന്.മോതിര വിരൽ പറഞ്ഞു ഞാനില്ലെങ്കിൽ മോതിരമണിയാൻ കഴിയില്ലെന്ന്.നടുവിരൽ പറഞ്ഞു ഞാനാണ് ഏറ്റവും വലുതെന്ന്. ചൂണ്ടുവിരൽ പറഞ്ഞു ഒരാളെ ചൂണ്ടി കാണിക്കാൻ ഞാൻ വേണമെന്ന്.ഈ നാല് വിരലുകളും ചെറുവിരലിനോട് എന്തെങ്കിലും പറയാനുണ്ടോയെന്ന് ചോദിച്ചു.ചെറുവിരൽ പറഞ്ഞു ഞാനാണ് മാപ്പു ചോദിക്കുന്നതിനും നമസ്കരിക്കുന്നതിനും മുന്നിൽ നിൽക്കുന്നത്.ആ നാലു വിരലുകളും ചെറുവിരലിന്റെ സാഹചര്യം മനസ്സിലാക്കി ചെറുവിരലിനോടൊപ്പം സന്തോഷമായി കഴിഞ്ഞു.

ANU.U
VII.A



# DIGITAL PAINTINGS



*Fiaure 1: AFREENA IX ^*



*Figure 3: Christy Wilson*



*Figure 2: Dhivin C Manjooran IX B*




*Figure 4: JASEELA IX A*



*Figure 5: JASEELA IX A*

# അമ്മൂമ്മയും അപ്പുക്കുട്ടനും



വീട്ടിൽ അപ്പുക്കുട്ടനും അമ്മയും മാത്രം.അമ്മൂമ്മയ്ക്ക് ഏകപുത്രി എന്റെ അമ്മ മാത്രം.അപ്പൂപ്പൻ എപ്പോഴോ മരിച്ച്പോയി. എന്റെ അച്ഛൻ അങ്ങ് ദൂരെ ജോലിക്ക് പോയെന്നും പറഞ്ഞ് പോയതാണ് എന്ന് അമ്മ പറയാറുണ്ട്.ഇടക്കെപ്പോഴോ തിരിച്ച വരുന്ന അച്ഛൻ വന്നാലും ശരി വന്നില്ലെങ്കിലും ശരി വീട്ടിലൊരുപകാരവുമില്ല. എന്റെ വീട് ചെറിയ ഓടിട്ട പുരയാണ്.അതിൽ നിറച്ചും ചെടികളും പൂന്താട്ടങ്ങളുമുണ്ട്.ഞാൻ ആ ചെടികൾക്ക് നിറച്ചും വെള്ളം കൊടുക്കാറുണ്ട്.വീട്ടിൽ പശു ഉള്ളതുകൊണ്ട് ഇടക്ക് വളമായ് ചാണകവും ഇട്ട് കൊടുക്കാറുണ്ട്. "തഴച്ച് വളർന്ന ചെടികൾ കാണാൻ നല്ല ഭംഗിയാ"അമ്മൂമ്മ എപ്പോഴും പറയാറുണ്ട്."മോനെ ആ പൂക്കൾ നോക്കി ഇരിക്കാൻ എന്ത് നല്ല ഭംഗിയാ നീ അതു നോക്കു...."അപ്പക്കുട്ടന് അതൊന്നും നോക്കാൻ സമയമില്ല. രാവിലെ എണീറ്റ് പശുവിൻ പാൽ അമ്മ കറന്ന് വച്ചിട്ടുണ്ടാവും.അത് നാല് വീട്ടിൽ എത്തിക്കണം. വൈകിയാൽ അവരുടെ വഴക്കും കേൾക്കണം.അതുകഴിഞ്ഞ് അവൻ സ്കൂളിലേക്ക് പോകണം. അപ്പക്കുട്ടൻ ഏഴാം ക്ലാസ്സിലാണ് പഠിക്കുന്നത്. പാൽ കൊടുക്കുന്ന വീട് കുറച്ച് ദൂരെ ആയതുകൊണ്ട് അവന്റെ ജോലി നേരത്തെ തുടങ്ങും. ജോലി കഴിഞ്ഞ് സ്കൂളിലും അവൻ സമയം തെറ്റാതെ പോകുന്നുണ്ട്.അമ്മൂമ്മയുടെ അപ്പുക്കുട്ടൻ മിടുക്കനാണ്. പഠിത്തത്തിലും അവൻ മിടുക്കനാണ്.ഏഴാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടിയാണെങ്കിലും അവൻ എല്ലാ കാര്യത്തിലും ശ്രദ്ധയാണ്. 'അവന്റെ ലോകം അമ്മൂമ്മയും അമ്മയുമാണ്. അവന്റെ വീട് പൂക്കളും ചെടികളും നിറഞ്ഞതാണ്.ഈ വീട് അവർക്ക് സ്വർഗ്ഗമാണ്.'

FATHIMA FARHA.S.V IX-A

# ക്രൂരനായ സിംഹം

ഒരു കാട്ടിൽ കുറേ മൃഗങ്ങളുണ്ടായിരുന്നു.മൃഗങ്ങളുടെ രാജാവായിരുന്നു സിംഹരാജൻ.സിംഹരാജൻ ഓരോ ദിവസവും ഓരോ മൃഗങ്ങളെ തിന്നും. സിംഹരാജൻ അറിയാതെ മൃഗങ്ങൾ ഒരുസഭ വിളിച്ചു കൂട്ടി. മുയൽ പറഞ്ഞു:ഇങ്ങനെ പോയാൽ നമ്മുടെ കാട്ടിൽ ഒരു മൃഗങ്ങൾ പോലും ഉണ്ടാവില്ല.കരടി പറഞ്ഞു:നമുക്ക് സിംഹരാജനെ ഒരു പാഠം പഠിപ്പിക്കണം.നമുക്ക് ഒരു കുഴികുത്തി അതിന്റെ മുകളിൽ വല വിരിച്ച് കുറച്ച് ഇലയും വാരിയിടാം. സിംഹരാജൻ നമ്മളെയൊക്കെ പിടിക്കാൻ വരുമ്പോൾ അതിൽ വീഴും,കാള പറഞ്ഞു. അത് നല്ല ആശയമാണ്, മുയൽ പറഞ്ഞു. പക്ഷേ ആര് കുഴി കുത്തും?കരടി ചോദിച്ചു.എനിക്ക് നാട്ടിൽ കുഴി കുത്തുന്ന ആളെ അറിയാം.ഞാൻ ഇന്ന് രാത്രി അയാളെ കൊണ്ട് വന്ന് കുഴി കുത്താൻ പറയാം,കിളി പറഞ്ഞു.ശരി, മുയൽ പറഞ്ഞു.രാത്രിയായി.പറഞ്ഞതു പോലെ കിളി അയാളെ വിളിച്ചിട്ടുവന്നു.എന്നിട്ട് അയാൾ കുഴി കുത്തി അതിന്റെ മുകളിൽ വല വിരിച്ച് കുറച്ച് ഇലയും വാരിയിട്ടു.രാവിലെയായി.എല്ലാ മൃഗങ്ങളും കുഴിയുടെ അടുത്തേക്കെത്തി.അപ്പോഴേക്കും സിംഹം മൃഗങ്ങളെ തേടി വരുന്നത് കണ്ട മൃഗങ്ങൾ വേഗം ഒരു മരത്തിന്റെ പിറകിൽ ഒളിച്ചു.സിംഹം കുഴിയുടെ അടുത്തെത്തി.പെട്ടെന്ന് ഒരു ശബ്ദം കേട്ട് മൃഗങ്ങൾ എല്ലാവരും കുഴിയുടെ അടുത്തെത്തി.എന്നിട്ട് കുഴിയുടെ ഉള്ളിലേക്ക് നോക്കിയപ്പോൾ സിംഹം കിടന്നലറുന്നു. അയ്യോ എന്നെ ഒന്ന് രക്ഷിക്കൂ.സിംഹം അപേക്ഷിച്ചു.മൃഗങ്ങൾ പറഞ്ഞു : നീ ഞങ്ങളുടെ കൂട്ടുകാരിൽ പലരെയും കൊന്നു തിന്നു അതുകൊണ്ട് ഞങ്ങൾ നിന്നെ രക്ഷിക്കില്ല.മൃഗങ്ങൾ കുഴി കുത്തുന്ന ആളോട് നന്ദി പറഞ്ഞു.പിന്നീട് അവർ സന്തോഷത്തോടെ ജീവിച്ചു.

തേജ IV-B








*TRIP TO KODAI*




*DIGITAL POOKALAM*



*VIDEO CONFERENCING*



*IT TRAINING FOR PARENTS*



# Life is Beautiful!

One day, One hour and One minute, will not come again in your entire life. Avoid fights, angriness and speak lovely to every person.

# നന്ദി

സ്വപ്നങ്ങൾ  ചിന്തകളാകുമ്പോൾ, ചിന്തകൾ
അക്ഷരങ്ങളാകുമ്പോൾ പൊതു വിദ്യാലയത്തിന്റെ
പരിമിതികൾ പഴങ്കഥകളാകുന്നു. വർണ ചിറകുവിരിച്ച്
ചക്രവാള സീമയിലേക്ക് പറന്നു പൊങ്ങാൻമോഹിച്ച
ചെറുപതംഗങ്ങൾ അത്യന്താധുനിക സാങ്കേതിക
വിദ്യയുടെ കൈ പിടിച്ച്  അന്താരാഷ്ട്ര
നിലവാരത്തിലേക്ക് പറന്നുയരാൻ വെമ്പുന്നു.
കുട്ടിക്രൂട്ടത്തിന്റെ ഭാവനകൾക്ക് മേൽ വർണമഴയായി
പെയ്തിറങ്ങിയ സ്നേഹത്തിന്റെ കരുതലുകളുടെ
ഗുരുസ്പർശം. സാഗരങ്ങൾ കടന്ന് അറിവിന്റെ
കാണാതീരങ്ങളിലണിയാൻ കുതിക്കുന്ന കൗമാര
മനസ്സ്........

ഒരുമയുടെ ഈ പ്രേരണ ഇവിടെ സമർപ്പിക്കുന്നു.

ചീഫ് എഡിറ്റർ